"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - വയനാട് ജില്ല- നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് ഓഫീസ് - മുൻ സീനിയർ ക്ലർക്ക് ശ്രീ.അലി കെ -ക്ക് ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.110/2026/LSGD തീയതി,തിരുവനന്തപുരം, 14-01-2026

---

പരാമർശം:-

1. വൈത്തിരി താലൂക്ക് പഞ്ചായത്ത് ഓഫീസറുടെ 05.10.1994ലെ A 1064/94 നമ്പർ ഉത്തരവ്
2. വൈത്തിരി താലൂക്ക് പഞ്ചായത്ത് ഓഫീസറുടെ 06.01.1995ലെ A 10/95 നമ്പർ ഉത്തരവ്
3. ശ്രീ.അലി കെ സമർപ്പിച്ച 21.12.2022ലെ അവധി അപേക്ഷ
4. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 18.07.2024ലെ LSGD/PD/9191/2023-DEC2 നമ്പർ കത്ത്
5. 04.01.2026ലെ സ ഉ (സാധാ)നം.32/2026/LSGD

**ഉത്തരവ്**

വയനാട് ജില്ലയിലെ നൂൽപ്പുഴ ഗ്രാമപഞ്ചായത്തിലെ മുൻ സീനിയർ ക്ലർക്ക് ശ്രീ.അലി കെ-ക്ക് 01.10.1994 മുതൽ 31.03.1995 വരെ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ശൂന്യവേതനാവധി അനുവദിക്കുന്നതിനായി പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (4) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്.

2. ശ്രീ.അലി കെ-ക്ക് പരാമർശം (1) പ്രകാരം 01.10.1994 മുതൽ 31.12.1994 വരെയും പരാമർശം (2) പ്രകാരം 01.01.1995 മുതൽ 31.03.1995 വരെയും ശൂന്യവേതനാവധി അനുവദിച്ചിരുന്നതായും എന്നാൽ മേൽ കാലയളവ് 180 ദിവസത്തിലധികരിക്കുന്നതിനാൽ പ്രസ്തുത കാലയളവിലേക്കുള്ള അവധി സർക്കാർ തലത്തിലാണ് അനുവദിക്കേണ്ടതെന്നും പരാമർശം (4) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.അലി കെ-ക്ക് പരാമർശം (1) -ഉം (2)-ഉം പ്രകാരം അനുവദിച്ചിരുന്ന ശൂന്യവേതനാവധികൾ പരാമർശം (5) പ്രകാരം റദ്ദ് ചെയ്തിട്ടുണ്ട്. രണ്ടാം വൈദ്യപരിശോധനാ റിപ്പോർട്ടിന്റെ അഭാവത്തിൽ ലഭ്യമാക്കിയിട്ടുള്ള മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ വിശ്വാസ്യത ഉറപ്പിക്കാനാകാത്തതിനാൽ അപേക്ഷകന് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ ആനുകൂല്യം അനുവദിക്കാനാവില്ല. ആയതിനാൽ വയനാട് ജില്ലയിലെ നൂൽപ്പുഴ ഗ്രാമപഞ്ചായത്തിലെ മുൻ സീനിയർ ക്ലർക്ക് ശ്രീ.അലി കെ -ക്ക് 01.10.1994 മുതൽ 31.03.1995 വരെ ടി കാലയളവ് ഇൻക്രിമെന്റ് , ഹയർഗ്രേഡ് , പെൻഷൻ , ആർജ്ജിതാവധി എന്നിവക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ കെ എസ് ആർ ഭാഗം 1 ചട്ടം 88 പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലല്ലാതെ ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പദ്മിനി കെ എസ്
ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്,തിരുവനന്തപുരം
2.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള.തിരുവനന്തപുരം/തൃശ്ശൂർ
3.ജോയിന്റ് ഡയറക്ടർ,തദ്ദേശസ്വയംഭരണവകുപ്പ് , വയനാട് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
4.സെക്രട്ടറി, നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
5.ശ്രീ.അലി കെ , മുൻ സീനിയർ ക്ലർക്ക് , നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
6.ധനകാര്യ വകുപ്പ് 29.11.2025ലെ e-3230608/ധെവ-1/64/2025-ധന നമ്പർ യു ഒ റിമാർക്സ് പ്രകാരം)
8.ഡയറക്ടർ . ഐ കെ എം
9.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)
10.കരുതൽ ഫയൽ (ഫയൽ നം.164/ഇപിഎ1/2024-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം

Signed by
Danuja M S
സെക്ഷൻ ഓഫീസർ
Date: 14-01-2026 15:22:33